"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ഇടുക്കി ചിൽഡ്രൻസ് ഹോം ആദ്യ ഘട്ട നിർമ്മാണത്തിനു 3 കോടി രൂപ 4235-02-102-84 എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.150/2026/WCDD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 24.11.2025 തീയതിയിലെ DWCD/1331/2025-PC3 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമായ കുട്ടികൾക്കായി നിലവിൽ സർക്കാർ തലത്തിൽ ചിൽഡ്രൻസ് ഹോമുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ, ജില്ലയിൽ ഒരു ചിൽഡ്രൻസ് ഹോം നിർമ്മിക്കുന്നതിനായി പാറേമാവ് ആയുർവേദ ആശുപത്രിക്ക് സമീപം ജില്ലാ പഞ്ചായത്തിന്റെ 40 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി നിലവിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുകയ്ക്കുള്ളിൽ നിർത്തി ചെയ്യാൻ കഴിയുന്ന നിർമ്മാണ പ്രവൃത്തികൾ ആദ്യഘട്ടത്തിൽ ചെയ്യുന്നതിന് എസ്റ്റിമേറ്റ്/ പ്ലാൻ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ DSOR 2021 നിരക്ക് പ്രകാരം ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കുള്ള 3 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ചു നടപ്പ് സാമ്പത്തിക വർഷം 4235-02-102-84 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപ ഇടുക്കി ചിൽഡ്രൻസ് ഹോമിന്റെ ആദ്യ ഘട്ട നിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ, ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി **3,00,00,000/- (മൂന്ന് കോടി രൂപ)** നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-84 എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. The soil investigation report is not submitted and hence CE may be advised that foundation for the structure shall be decided based on soil

investigation.
2. The TS authority shall ensure the correctness of rates for OD items in estimate and shall confirm the admissibility of items and quantities included in estimate.
3. The TS authority to ensure that the proposed area of rooms shall be strictly complying the GO(P)17/2025/FIN dated 20/02/2025 (schedule of accommodation for public building).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ, എ& ഇ), കേരള
ചീഫ് എഞ്ചിനീയർ,പൊതുമരാമത്തു വകുപ്പ്
ധനകാര്യ വകുപ്പ് (WCD-1/212/2023-FIN(2488560) )
വെബ് & ന്യൂ മീഡിയ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 14-03-2026 17:27:39